ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.07.2025**

## പ്രധാനവാർത്തകൾ

1. പതിനാറാമത് റോസ്ഗർ മേളയിലൂടെ 51,000 ത്തിലധികം യുവജനങ്ങൾക്ക് നിയമന ഉത്തരവ് കൈമാറി പ്രധാനമന്ത്രി നരേന്ദ്ര മോദി; ഉദ്യോഗാർഥികൾ രാഷ്ട്ര സേവനത്തിന് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി.
2. ബി.ജെ.പി സംസ്ഥാന കമ്മിറ്റി ഓഫീസ് കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത്ഷാ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ബിജെപിയുടെ വാർഡ് തല നേതൃസംഗമത്തിന് തുടക്കം.
3. കീം റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് പഴുതുകളില്ലാത്ത വിധത്തിൽ അടുത്ത വർഷം മാനദണ്ഡം മാറ്റുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു.
4. പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിലെ കണ്ടെയിൻമെൻറ് സോൺ നിയന്ത്രണങ്ങൾ പിൻവലിച്ചു.
5. ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ് പുനരാരംഭിക്കും.
6. സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; എറണാകുളം മുതൽ കാസർഗോഡ് വരെ 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

*************************************************

RNU TVPM

## പ്രധാനമന്ത്രി - റോസ്ഗാർ ( ഇൻട്രോ)

റോസ്ഗർ മേളയുടെ ഭാഗമായി 51,000 ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നിയമന ഉത്തരവ് കൈമാറി. രാജ്യത്തുടനീളം 47 സ്ഥലങ്ങളിലാണ് പതിനാറാമത് തൊഴിൽ മേള നടക്കുന്നത്. നിയമനം ലഭിച്ചവരെ വീഡിയോ കോൺഫറൻസിംഗിലൂടെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. റോസ്ഗർ മേളയിലൂടെ ലക്ഷകണക്കിന് യുവാക്കൾക്ക് കേന്ദ്ര സർക്കാരിന് കീഴിൽ സ്ഥിരവരുമാനമുള്ള ജോലി ഉറപ്പുവരുത്താനായതായി പ്രധാനമന്ത്രി പറഞ്ഞു. ജോലി ലഭിച്ചവരെ അഭിനന്ദനം അറിയിച്ച പ്രധാനമന്ത്രി, രാഷ്ട്ര സേവനവും ജനങ്ങൾക്ക് മുൻഗണന നല്കുന്നതുമാകണം ലക്ഷ്യമെന്നും പറഞ്ഞു.

(വോയ്സ്)

കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലേക്കും വകുപ്പുകളിലേക്കുമുള്ള നിയമന ഉത്തരവുകളാണ് ചടങ്ങിലൂടെ കൈമാറിയത്.

RNU TVPM

****************************************************************************

## റോസ്ഗാർ തിരു

ദക്ഷിണ റെയിൽവേയുടെ ആതിഥേയത്വത്തിൽ തിരുവനന്തപുരത്ത് റോസ്ഗർ മേള സംഘടിപ്പിച്ചു. തമ്പാനൂർ റെയിൽവേ കല്യാണ മണ്ഡപത്തിൽ നടന്ന തെഴിൽ മേള ഡിവിഷണൽ റെയിൽവേ മാനേജർ മനീഷ് തപ്ല്യാൽ ഉദ്ഘാടനം ചെയ്തു. പുതുതായി നിയമിക്കപ്പെട്ട 25 ഉദ്യോഗാർത്ഥികൾക്ക് നിയമന കത്തുകൾ കൈമാറി.

*****************************************************************************

## പാലക്കാട് - റോസ്ഗർ മേള

റോസ്ഗർ മേളയുടെ ഭാഗമായി പാലക്കാട് നടക്കുന്ന പരിപാടിയ്ക്ക് നഗരസഭാ അധ്യക്ഷ പ്രമീള ശശിധരൻ തുടക്കം കുറിച്ചു. വിവിധ മന്ത്രാലയങ്ങളിലേക്ക് പുതുതായി നിയമിതരായവർക്ക് നിയമന കത്തുകൾ കൈമാറി.

*************************************************************************

## അമിത് ഷാ

ബി.ജെ.പി സംസ്ഥാന കമ്മിറ്റി ഓഫീസ് കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത്ഷാ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. അരിസ്റ്റോ ജംഗ്ഷന് സമീപം കെ ജി മാരാർ മന്ദിരമെന്ന് പേരിട്ട ബിജെപി സംസ്ഥാന ഓഫീസിലെത്തിയ കേന്ദ്രമന്ത്രി ആദ്യം പതാക ഉയർത്തി. തുടർന്ന് ഓഫീസിന് മുന്നിൽ വൃക്ഷത്തൈ നട്ടു. ഓഫീസിന്റെ നടുത്തളത്തിൽ സ്ഥാപിച്ച പാർട്ടി മുൻ സംസ്ഥാന അധ്യക്ഷൻ കെ.ജി മാരാരുടെ അർധകായ വെങ്കല പ്രതിമ അനാവരണം ചെയ്തു.

RNUTVPM

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറും സംസ്ഥാനത്തെ മറ്റ് പ്രധാന നേതാക്കളും ദേശീയ നേതാക്കളും ചടങ്ങിൽ പങ്കാളികളായി.

തുടർന്ന്, ബിജെപിയുടെ വാർഡ് തല നേതൃസംഗമം പുത്തരിക്കണ്ടം മൈതാനത്ത് കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു. തദ്ദേശ തെരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ മുന്നൊരുക്കം പ്രഖ്യാപിക്കുന്നതായി ചടങ്ങ്. കേന്ദ്രമന്ത്രി ജോർജ് കുര്യൻ,മുൻകേന്ദ്രമന്ത്രി വി മുരളീധരൻ, മുതിർന്ന

നേതാവ് പ്രകാശ് ജാവ്ദേക്കർ, ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 5,000 വാർഡ് സമിതികളിലെ 36,000 പേർ നേതൃസംഗമത്തിനെത്തി. മറ്റു 10 ജില്ലകളിലെ അഞ്ചംഗ വാർഡ് സമിതി അംഗങ്ങളും പഞ്ചായത്ത് മുതൽ ജില്ലാതലം വരെയുള്ള നേതാക്കളും വെർച്വലായി ചടങ്ങിൽ പങ്കെടുത്തു. ഒന്നര ലക്ഷത്തോളം പേർ വെർച്വലായി സമ്മേളനത്തിന്റെ ഭാഗമായെന്ന് ബിജെപി നേതൃത്വം അറിയിച്ചു.

ഉച്ചയ്ക്കുശേഷം കണ്ണൂരിലേക്ക് തിരിക്കുന്ന കേന്ദ്രമന്ത്രി തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തിയശേഷം ഡൽഹിയിലേക്ക് മടങ്ങും.

*****************************************************************************

## കണ്ണൂർ -അമിത്ഷാ (ഇൻട്രോ)

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് സമീപവും, തളിപ്പറമ്പിലും കനത്ത സുരക്ഷ ഏർപ്പെടുത്തി. വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ ശശിധരൻ.....**

(വോയിസ്)

*****************************************************************************

RNU TVPM

## ഇന്ത്യൻ -റെയിൽവേ

നിയമന പ്രക്രിയ സുതാര്യവും കാര്യക്ഷമവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കുക എന്ന ലക്ഷ്യത്തോടെ റെയിൽവേ മന്ത്രാലയം നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നു. റിക്രൂട്ട്മെന്റ് നടപടി സുഗമമാക്കുന്നതിന് ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ഉൾപ്പെടെ നിരവധി ഉദ്യോഗാർത്ഥി സൗഹൃദ നടപടികൾ ആണ് നടപ്പാക്കുന്നത്. 2024 മുതൽ എല്ലാ ഗ്രൂപ്പ് "സി" തസ്തികകൾക്കും ലെവൽ -1 വിഭാഗങ്ങൾക്കും ആദ്യമായി വാർഷിക റിക്രൂട്ട്മെന്റ് കലണ്ടർ അവതരിപ്പിച്ചെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

**********************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "**നല്ല വാർത്ത**" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

**********************************************************

## ആർ.ബിന്ദു (ഇൻട്രോ)

കീം റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് പഴുതുകളില്ലാത്ത വിധത്തിൽ അടുത്ത വർഷം മാനദണ്ഡം മാറ്റുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. തൃശ്ശൂരിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കാനുള്ള ഒരു ഫോർമുലയാണ് സർക്കാർ അംഗീകരിച്ചത്. എല്ലാ കുട്ടികൾക്കും തുല്യതയും നീതിയും വേണമെന്ന

നിലപാടാണ് സംസ്ഥാന സർക്കാരിൻ്റേതെന്നും മന്ത്രി പറഞ്ഞു.
(വോയിസ്)

*********************************************

## ജിഫ്രി തങ്ങൾ സ്കൂൾ സമയമാറ്റം

സ്കൂൾ സമയമാറ്റം അംഗീകരിക്കില്ലെന്ന് സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ പ്രസിഡൻറ് ജിഫ്രി മുത്തുക്കോയ തങ്ങൾ. മുഖ്യമന്ത്രിക്കാണ് നിവേദനം നൽകിയതെന്നും തീരുമാനമെടുക്കേണ്ടത് സർക്കാരാണെന്നും അദ്ദേഹം പറഞ്ഞു.

*********************************************

## മന്ത്രി ശിവൻകുട്ടി പ്രതികരണം

സ്കൂൾ സമയം മാറ്റുന്നതുമായി ബന്ധപ്പെട്ട് സമസ്തയുമായി സർക്കാർ ചർച്ചക്ക് തയ്യാറാണെന്ന് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് പ്രതികരിച്ചു. വിഷയത്തിൽ ധിക്കാരപരമായ സമീപനമില്ലെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ചില സ്കൂളുകളിൽ കുട്ടികളെ കൊണ്ട് അധ്യാപകരുടെ കാൽ കഴുകിച്ച സംഭവത്തിൽ സർക്കാർ റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളുടെ ചോദ്യത്തോട് പ്രതികരിച്ചു.

RIUTVPM

*********************************************

## പാലക്കാട് -നിപ

പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിലെ കണ്ടെയിൻമെൻറ് സോൺ നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. അതേ സമയം

സമ്പർക്കവിലക്കിൽ കഴിയുന്ന വ്യക്തികൾ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അതു തുടരണമെന്നും നിർദേശമുണ്ട്.

*********************************************

## പികെവി ഓർമ

കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും തലമുതിർന്ന സിപിഐ നേതാവുമായ പി കെ വാസുദേവൻ നായരുടെ ഇരുപതാം ചരമവാർഷിക ദിനമാണ് ഇന്ന്. തിരുവനന്തപുരത്ത് എംഎൻ സ്മാരകത്തിൽ അനുസ്മരണ പരിപാടി സംഘടിപ്പിച്ചു. മന്ത്രി വി ശിവൻകുട്ടി ഛായാചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

*********************************************

## മൻ കീ ബാത് ടാലൻറ് ഹണ്ട്

RNUTVPM

മൻ കീ ബാത് ടാലൻറ് ഹണ്ട് സീസൺ 5 ഫൈനൽ മത്സരം നാളെ തിരുവനന്തപുരം കഴക്കൂട്ടത്ത് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും. ഫൈനലിൽ നിന്നും തെരെഞ്ഞെടുക്കപ്പെടുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കാനും, കേന്ദ്ര മന്ത്രിമാരുമായി സംവദിക്കാനും അവസരം ലഭിക്കും.

*********************************************

## ക്രിക്കറ്റ്

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇംഗ്ലണ്ടിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ്

പുനരാരംഭിക്കും.മൂന്ന് വിക്കറ്റിന് 145 റൺസെന്ന നിലയിലാണ് ഇന്ത്യ. ഇന്ത്യൻ സമയം ഉച്ചക്ക് 3 30 നാണ് മത്സരം. ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് സ്കോറിനേക്കാൾ 242 റൺസ് പിന്നിലാണ് ഇന്ത്യ.

*****************************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ള 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലാണ് മുന്നറിയിപ്പ്.

*****************************************************

## മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

കൊച്ചി തുറമുഖത്തിന് സമീപം ചെറുവള്ളത്തിൽ മീൻപിടിക്കാൻ പോകുന്നതിനിടെ തിരയിൽ പെട്ട തൊഴിലാളികളെ രക്ഷപ്പെടുത്തി. കടൽ പ്രക്ഷുബ്ധമായതിനെ തുടർന്നാണ് അപകടം ഉണ്ടായത്. കടലിൽ ബോട്ടിൽ ഉണ്ടായിരുന്നവരാണ് മീൻപിടുത്തക്കാരെ രക്ഷപ്പെടുത്തിയത്.

*****************************************************

## സ്വർണം

സ്വർണ വിലയിൽ വർദ്ധന. പവന് 520 രൂപ വർദ്ധിച്ച് 73,120 രൂപയും ഗ്രാമിന് 65 രൂപ വർദ്ധിച്ച് 9,140 രൂപയുമാണ് ഇന്നത്തെ വില.

RNI TVPM

## ഹർത്താൽ

കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയുടെ നവീകരണം തടസപ്പെട്ടതിൽ പ്രതിഷേധിച്ച് യു.ഡി.എഫും എൽ.ഡിഎഫും ഇടുക്കി അടിമാലി മേഖലയിൽ ഹർത്താൽ ആചരിക്കുന്നു. യു.ഡി.എഫ് അടിമാലി, വെള്ളത്തൂവൽ, പള്ളിവാസൽ, പഞ്ചായത്തുകളിലും എൽഡിഎഫ് അടിമാലി പഞ്ചായത്തിലുമാണ് ഹർത്താലിന് ആഹ്വാനം ചെയ്യത്.

## ശബരിമല

തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ പ്രാസാദ ശുദ്ധിക്രിയയോടെ ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠാ ചടങ്ങുകൾക്ക് തുടക്കമായി. ഇന്ന് രാവിലെ ബിംബശുദ്ധി ക്രിയകൾ നടന്നു. വൈകിട്ടും പ്രത്യേക പൂജകൾ നടക്കും. നാളെ രാവിലെ വിഗ്രഹ പ്രതിഷ്ഠയും അഭിഷേകവും നടക്കും. പ്രതിഷ്ഠാ ചടങ്ങ് പൂർത്തിയാക്കി നാളെ രാത്രി 10ന് നട അടയ്ക്കും.

RNU TVPM